# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് ഇന്ന് സമാപനം. ആന്ധ്രപ്രദേശ് പുനഃസംഘടന ഭേദഗതി ബിൽ രാജ്യസഭ പരിഗണിക്കും.

**The Budget session of Parliament will conclude today. Rajya Sabha is likely to take up The Andhra Pradesh Reorganisation (Amendment) Bill, 2026 for consideration and passing today.**

2. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ സുരക്ഷാ കാര്യങ്ങൾക്കായുള്ള മന്ത്രിസഭ സമിതി പ്രത്യേക യോഗം ചേർന്നു.

**Prime Minister Narendra Modi chairs special meeting of Cabinet Committee on Security; Calls for all-out effort to safeguard Indian citizens from impact of war in West Asia.**

3 പശ്ചിമബംഗാളിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.

**Notification for second phase of assembly elections in West Bengal to be issued today.**

4. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിന് ഏഴ് നാൾ ബാക്കി. പ്രകടന പത്രിക പുറത്തിറക്കി മുന്നണികൾ.

**Seven days remain for the Kerala Legislative Assembly Election; fronts release their manifestos.**

5. മനുഷ്യനെ വഹിച്ചുകൊണ്ടുള്ള **NASA**-യുടെ ചാന്ദ്ര ദൗത്യം ആർട്ടെമിസ്-2 വിക്ഷേപിച്ചു.

**NASA launches the crewed lunar mission Artemis II.**

6. സാഫ് അണ്ടർ 20 പുരുഷ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഫൈനലിൽ.

**In football, defending champions India beat Bhutan 5-0 to storm into final of SAFF Men's Under-20 Championship**

&&&&&&&&&&&&&&&&&&

**HEADLINE-1**

**PARLIAMENT**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഇന്ന് സമാപിക്കും. ഇരു സഭകളിലും നടപടികൾ പുരോഗമിക്കുകയാണ്. ആന്ധ്രപ്രദേശ് പുനഃസംഘടന ഭേദഗതി ബിൽ 2026 രാജ്യസഭ ഇന്ന് ചർച്ചയ്ക്ക് എടുത്തേക്കും. ജനുവരി 28 ന് ആരംഭിച്ച ബജറ്റ് സമ്മേളനത്തിന്റെ ഒന്നാം ഘട്ടം ഫെബ്രുവരി 13 നു അവസാനിച്ചിരുന്നു. കഴിഞ്ഞമാസം 8 ന് തുടങ്ങിയ രണ്ടാം ഘട്ടത്തിൽ ധനബിൽ 2026 നു പാർലമെന്റ് അംഗീകാരം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

**LS - PREPAID METER**

എല്ലാ ഉപഭോക്താക്കൾക്കും പ്രീപെയ്ഡ് ഇലക്ട്രിക് സ്മാർട്ട് മീറ്ററുകൾ നിർബന്ധമല്ലെന്ന് കേന്ദ്ര വൈദ്യുതി മന്ത്രി മനോഹർ ലാൽ. എന്നാൽ, പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകളിലേക്കുള്ള മാറ്റം ഉപഭോക്താക്കൾക്ക് പുറമെ, സംസ്ഥാനങ്ങൾക്കും യൂട്ടിലിറ്റി കമ്പനികൾക്കും ഗുണം ചെയ്യുമെന്നും ശ്രീ മനോഹർ ലാൽ ലോക്സഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. നിരവധി സംസ്ഥാനങ്ങൾ ഇതിനകം തന്നെ സ്മാർട്ട് പ്രീപെയ്ഡ് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&

## HEADLINE-2

**PM – CCS**

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ സുരക്ഷകാര്യങ്ങൾക്കായുള്ള മന്ത്രിസഭ സമിതി ഇന്നലെ പ്രത്യേക യോഗം ചേർന്നു. വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയുടെ നടപടികൾ, പശ്ചിമേഷ്യൻ സംഘർഷത്തിൽ സ്വീകരിക്കേണ്ട ഭാവിപരിപാടികൾ എന്നിവ യോഗം അവലോകനം ചെയ്തു. ഈ വിഷയത്തിൽ ചേരുന്ന രണ്ടാമത്തെ യോഗമാണിത്. സംഘർഷത്തിന്റെ ബുദ്ധിമുട്ടുകൾ രാജ്യത്തെ സാധാരണക്കാരിൽ എത്താതിരിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് പ്രധാനമന്ത്രി യോഗത്തിൽ നിർദേശം നൽകി.

&&&&&&&&&&&&&&&&&

## HEADLINE-4

**ELECTION KERALA (INTRO)**

***കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പിന് ഏഴ് ദിവസം. വേനൽ ചൂടിനൊപ്പം തിരഞ്ഞെടുപ്പ് പ്രചാരണവും ചൂടേറിയിട്ടുണ്ട്.***

***ഒരു റിപ്പോർട്ട്.......***

***(ഹോൾഡ് - വോയ്സ്......)***

*ഈ മാസം ഒൻപതിന് തിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിൽ പ്രചാരണം ഊർജിതമായി. ദേശീയ നേതാക്കളെയടക്കം മണ്ഡലങ്ങളിലെത്തിച്ച് പ്രചാരണം ആവേശകരമാക്കുകയാണ് സ്ഥാനാർത്ഥികൾ.* ***LDF*** *തിരഞ്ഞെടുപ്പ് പ്രകടന പത്രിക സി പി ഐ (എം) മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ ഇന്ന് കോഴിക്കോട് പുറത്തിറക്കി.* ***UDF –*** *ന്റെ പ്രകടന പത്രിക കൊച്ചിയിൽ നടന്ന ചടങ്ങിൽ മുതിർന്ന നേതാക്കൾ ചേർന്ന് പുറത്തിറക്കി. എൻ ഡി എ പ്രകടന പത്രിക നേരത്തെ പുറത്തിറക്കിയിരുന്നു. എൻ.ഡി.എ പ്രചാരണത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്രമോദി ശനിയാഴ്ച തിരുവനന്തപുരത്തും തിരുവല്ലയിലും എത്തും. കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി തിരുവനന്തപുരത്തും കൊല്ലത്തും* ***UDF*** *സ്ഥാനാർത്ഥികളുടെ പ്രചരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിനു പുറമേ പുതുച്ചേരിയിലും അസമിലും ഈ മാസം ഒമ്പതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

&&&&&&&&&&&&&&&&&&

**ELECTION MANIFESTO**

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഊർജമേകി മൂന്ന് മുന്നണികളും പ്രകടനപത്രിക പുറത്തിറക്കി. കേവല ദാരിദ്ര്യം ഇല്ലാതാക്കുക, പഠനം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ക്യാമ്പസ് പ്ലേസ്മെന്റ് തുടങ്ങിയ പ്രഖ്യാപനങ്ങളാണ് എൽഡിഎഫ് പ്രകടനപത്രികയിലുള്ളത്. സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്ര, കോളേജ് വിദ്യാർഥിനികൾക്ക് ആയിരം രൂപ പ്രതിമാസ ധനസഹായം തുടങ്ങിയവയാണ് യു ഡി എഫിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ. പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ റീച്ചാർജ് ഉള്ള ഭക്ഷ്യ ആരോഗ്യ സുരക്ഷാ കാർഡ്, എയിംസ് തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രകടനപത്രിക എൻ ഡി എയും പുറത്തിറക്കിയിരുന്നു.

&&&&&&&&&&&&&&&&&&

**KASARGODE EVM COMMISIONING – INTRO**

***കാസർഗോഡ് ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പിന് മുന്നോടിയായി വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിംഗ് നടപടികൾ ആരംഭിച്ചു.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാപ്രതിനിധി പി ജഗന്നിവാസൻ...***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**HEADLINE-3**

**WB – NOTIFICATION**

പശ്ചിമബംഗാളിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ഈ മാസം 29 ന് നടക്കുന്ന രണ്ടാം ഘട്ടത്തിൽ 142 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് നടക്കും. ഈ മാസം 9 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സൂക്ഷ്മ പരിശോധന തെട്ടടുത്ത ദിവസം നടക്കും. ഈ മാസം 13 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. അതേസമയം ആദ്യ ഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക മറ്റന്നാൾ വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

**WB – EXIT POLL BAN**

പശ്ചിമ ബംഗാളിൽ എക്സിറ്റ് പോളുകൾക്ക് വിലക്ക് ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ. അച്ചടി, ദൃശ്യ മാധ്യമങ്ങൾക്കും വിലക്ക് ബാധകമായിരിക്കും. ഈ മാസം 9 ന് രാവിലെ ഏഴ് മണി മുതൽ ആരംഭിക്കുന്ന വിലക്ക് 29-ാം തീയതി വൈകിട്ട് 6.30 വരെ തുടരും.

&&&&&&&&&&&&&&&&&&

**SC-SIR**

എസ്.ഐ.ആർ പട്ടികയിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ട വോട്ടർമാരുടെ പരാതികൾ പരിഗണിക്കുന്നതിനുള്ള നടപടികൾ അപ്പീൽ ട്രൈബ്യൂണലുകൾ ഇന്ന് ആരംഭിക്കും. സുപ്രീം കോടതി നിർദ്ദേശപ്രകാരമാണ് നടപടി. ഓൺലൈനായും ഓഫ്‌ലൈനായും സമർപ്പിച്ച എല്ലാ അപേക്ഷകളും രേഖകളും തീരുമാനങ്ങൾ എടുക്കുന്നതിനായി ട്രിബ്യൂണലുകൾക്ക് ലഭ്യമാക്കും. കേസ് തിങ്കളാഴ്ച വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&&

**SC – WEST BENGAL**

പശ്ചിമ ബംഗാളിലെ മാൾഡ ജില്ലയിൽ എസ്ഐആർ നടപടികളിൽ ഏർപ്പെട്ടിരുന്ന ഏഴ് ജുഡീഷ്യൽ ഉദ്യോഗസ്ഥരെ സാമൂഹ്യവിരുദ്ധർ തടഞ്ഞുവച്ചതിൽ വിമർശനവുമായി സുപ്രീം കോടതി. വിഷയം ഗൗരവകരമാണെന്ന് കോടതി നിരീക്ഷിച്ചു. സംഭവത്തിൽ സംസ്ഥാന ആഭ്യന്തര സെക്രട്ടറി, ഡിജിപി, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ മറുപടി നൽകണമെന്നും കോടതി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-5**

**ARTEMIS II**

NASA-യുടെ ദശാബ്ദങ്ങൾ നീണ്ട കാത്തിരിപ്പിന് വിരാമമിട്ട്, മനുഷ്യനെ വഹിച്ചുകൊണ്ടുള്ള ചാന്ദ്ര ദൗത്യം ആർട്ടെമിസ്-2 ഇന്ന് വിജയകരമായി വിക്ഷേപിച്ചു. അമേരിക്കയിലെ ഫ്ലോറിഡയിലുള്ള കെന്നഡി സ്പേസ് സെൻ്ററിൽ നിന്ന് ഇന്ത്യൻ സമയം പുലർച്ചെ 3:54-നായിരുന്നു സ്പേസ് ലോഞ്ച് സിസ്റ്റം റോക്കറ്റിൻ്റെ വിക്ഷേപണം. 50 വർഷത്തിലേറെ നീണ്ട

ഇടവേളയ്ക്ക് ശേഷമാണ് ചന്ദ്രനെ ലക്ഷ്യമാക്കി മനുഷ്യരുമായി ഒരു പേടകം കുതിക്കുന്നത്. എന്നാൽ 10 ദിവസം നീണ്ടുനിൽക്കുന്ന ഈ ദൗത്യത്തിൽ സഞ്ചാരികൾ ചന്ദ്രനിൽ ഇറങ്ങില്ല. പകരം ചന്ദ്രനെ വലംവെച്ച് തിരികെ വരും.

&&&&&&&&&&&&&&&&&&

**TRUMP – ADDRESS**

തന്ത്രപ്രധാന ലക്ഷ്യങ്ങൾ പൂർത്തിയാകുന്നത് കണക്കിലെടുത്ത് ഇറാനിലെ സൈനിക നടപടികൾ ഉടൻ തന്നെ അവസാനിപ്പിക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. എപിക് ഫ്യൂറി എന്ന സൈനിക ദൗത്യം വിജയകരമായിരുന്നതായി ടെലിവിഷനിലൂടെ അദ്ദേഹം അറിയിച്ചു. ആണവായുധ ഭീഷണി, ഇറാന്റെ ഭീഷണി എന്നിവയിൽ നിന്നും മുക്തമായ ഒരു ദിനത്തിനായി എല്ലാ അമേരിക്കക്കാർക്കും പ്രതീക്ഷ വയ്ക്കാമെന്നും ഡോണൾഡ് ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**RUSSIA – DEPUTY PM**

റഷ്യയുടെ ഫസ്റ്റ് ഡെപ്യൂട്ടി പ്രധാനമന്ത്രി ഡെനിസ് മാൻറുറോവ് രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തി. സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ, കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ എന്നിവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

**HEADLINE-6**

**SAFF UNDER 20 FOOTBALL**

സാഫ് അണ്ടർ 20 പുരുഷ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഫൈനലിൽ. മാലെയിൽ നടന്ന സെമി പോരാട്ടത്തിൽ ഭൂട്ടാനെ ഏകപക്ഷീയമായ അഞ്ചു ഗോളുകൾക്കാണ് ഇന്ത്യ

പരാജയപ്പെടുത്തിയത്. നാളെ നടക്കുന്ന ഫൈനലിൽ ബംഗ്ളദേശാണ് എതിരാളികൾ.

&&&&&&&&&&&&&&&&&&

## I P L

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 നു കൊൽക്കത്തയിലാണ് കളി. ആദ്യ കളി പരാജയപ്പെട്ട ഇരു ടീമുകളും ഇന്നത്തെ മത്സരം ജയിച്ചു പോയിന്റ് പട്ടികയിൽ മുന്നിൽ എത്താനാവും ശ്രമിക്കുക.

&&&&&&&&&&&&&&&&&&

## HANUMAN JAYANTI

ഇന്ന് ഹനുമാൻ ജയന്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹനുമാൻ ജയന്തി ഭക്തിനിർഭരമായി ആഘോഷിക്കുന്നു. ന്യൂഡൽഹി കനോട്ട് പ്ലേസിലെ 'പ്രാചീന ഹനുമാൻ ക്ഷേത്രത്തിൽ' വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെടുന്നത്. ആഘോഷങ്ങളുടെ ഭാഗമായി ക്ഷേത്രങ്ങളിൽ 'ഹനുമാൻ ചാലിസ', 'സുന്ദരകാണ്ഡം', 'അഖണ്ഡ രാമായണം' എന്നിവയുടെ പാരായണവും നടക്കുന്നുണ്ട്. ഹനുമാൻ ജയന്ത്രി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ലോക്സഭാ സ്പീക്കർ ഓം ബിർല തുടങ്ങിയവർ ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## MAUNDY THURSDAY

യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴ സ്മരണയിൽ ഇന്ന് പെസഹാ വ്യാഴം. ക്രൈസ്തവ ദേവാലയങ്ങളിൽ കാൽ കഴുകൽ ശുശ്രൂഷയും, പ്രത്യേക പ്രാർഥന ചടങ്ങുകളും നടക്കും. കുരിശുമരണത്തിന് മുൻപ് യേശുദേവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിൻറെയും, അവർക്കൊപ്പം അന്ത്യ അത്താഴം കഴിച്ചതിൻറെയും സ്മരണയിലാണ് ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ പെസഹ ആചരിക്കുന്നത്. കുരിശു മരണത്തിൻറെ സ്മരണയിൽ നാളെ ദുഃഖ വെള്ളി ആചരിക്കും. ഉയർത്തെഴുന്നേൽപ്പിൻറെ സ്മരണ പുതുക്കി ഞായറാഴ്ചയാണ് ഈസ്റ്റർ.

&&&&&&&&&&&&&&&&&&

## SREE PADMANABHA SWAMY TEMPLE

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ആറാട്ട് ചടങ്ങുകൾ ഇന്ന് നടക്കും. ഇന്നലെയായിരുന്നു പള്ളിവേട്ട. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ ഇന്ന് വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര, രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 1,319 പോയിൻറ് താഴ്ന്ന് 71,815 ലും നിഫ്റ്റി 414 പോയിൻറ് കുറഞ്ഞ് 22,266 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് 140 രൂപ കുറഞ്ഞ് 13,880 രൂപയും പവന് 1,120 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,040 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&